# കടലിന്റെ മക്കൾ *വിളപ്പം പറയുമ്പോൾ...

ഡി. ബാബു പോൾ

കഴിഞ്ഞയാഴ്ച പുറക്കാട്ട് കടപ്പുറത്തിനടുത്ത് പുന്നപ്രയിൽ കടൽ ഉൾവലിഞ്ഞത് ജനങ്ങളെ പരിഭ്രാന്തരാക്കിയതായി വാർത്തകൾ ഉണ്ടായിരുന്നു. മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങിയ വള്ളങ്ങൾ പലതും തീരത്ത് അടുപ്പിക്കാനായില്ല. ചില വള്ളങ്ങൾ ചെളിയിൽ ഉറച്ചുപോയി എന്നും കടലാസുകളിൽ ഉണ്ടായിരുന്നു.

കടൽ പിൻവലിയുമ്പോൾ തീരത്ത് രൂപപ്പെടുന്ന ചെളിത്തട്ട് ആണ് ഈ അവസ്ഥ സൃഷ്ടിക്കുന്നത്. പത്ത് കൊല്ലം മുമ്പ് സുനാമിക്ക് തൊട്ടുമുമ്പ് ഇതുപോലെ കടൽ ഉൾവലിഞ്ഞിരുന്നതുകൊണ്ട് ഈ അവസ്ഥ പരിഭ്രാന്തി പരത്തി എന്ന് അച്ചുനിരത്തിയതിൽ തെറ്റ് പറയാനില്ല.

സത്യത്തിൽ സുനാമിയുമായി ഈ പ്രതിഭാസത്തിന് ബന്ധം ഉണ്ട് എന്ന് തോന്നുന്നില്ല. വേലിയേറ്റവും വേലിയിറക്കവും ആയി ബന്ധപ്പെട്ട് വല്ലപ്പോഴുമൊക്കെ ഇത് സംഭവിക്കാറുണ്ട്. 1962–63 കാലത്ത് ഐ.എ.എസ്. പരീക്ഷയ്ക്ക് വേണ്ടി ഭൂമിശാസ്ത്രം പഠിച്ച കാലത്തെ ഓർമ്മയിലും ഉണ്ട് ഇത്തരം ഒരനുഭവം. ചിലയിടത്ത് ഏറ്റം, ചിലയിടത്ത് ഇറക്കം. ഭൂമി, ചന്ദ്രൻ, സൂര്യൻ ഇവയുടെ സ്ഥാനമാണ് ഇതൊക്കെ നിർണയിക്കുന്നത്.

ടൈറ്റാനിക് മുങ്ങിയത് ഒരു വലിയ മഞ്ഞുമല ഇടിച്ചതിന്റെ ആഘാതത്തിലാണല്ലോ. അക്കാലത്ത് ആ പ്രദേശത്ത് മഞ്ഞുമലകൾ ഉണ്ടായിരുന്നു എന്ന വിവരം കപ്പിത്താൻ ഗൗരവമായി എടുത്തില്ല എന്ന് നമുക്കറിയാം. അങ്ങനെ പതിവില്ലാതെ മഞ്ഞുമലകൾ പെരുകാൻ എന്തുബന്ധം എന്നത് ഖഗോള ശാസ്ത്രത്തിലെ ഒരു സമസ്യയാണ്. എട്ടാം നൂറ്റാണ്ടിന് ശേഷം ആദ്യമായി 1912ൽ ഉണ്ടായ ഒരു വാനപ്രതിഭാസമാണ് അവ സൃഷ്ടിച്ചത് എന്ന് ടെക്സാസ് സർവ്വകലാശാലയിലെ ഒരു പ്രൊഫസർ 2012ൽ പറഞ്ഞു. ഇനി അതേ രീതിയിൽ ഭൂമിയും സൂര്യചന്ദ്രന്മാരും ഒത്തുവരണമെങ്കിൽ ഇരുപത്തിമൂന്നാം നൂറ്റാണ്ട് ആകുമത്രെ.

ഞാൻ ഒരു ശാസ്ത്രസാഹിത്യകാരനല്ല. ഡോ. ഭാസ്കരൻനായർ നമുക്കൊപ്പം ഇല്ലാത്തതിനാൽ പ്രൊഫ. ശിവദാസോ മറ്റോ ഇടപെടേണ്ടതാണ് വിഷയം. മാലാഖമാർ അറച്ചുനിൽക്കുന്നിടത്ത് ഞാൻ ഇടിച്ചുകയറുന്നില്ല.

എന്നാൽ ഈ പത്രവാർത്ത നമ്മെ ഓർമ്മിപ്പിക്കേണ്ട ഒരു പ്രധാന സംഗതി ഉണ്ട്. കരയെക്കുറിച്ചുള്ളത്ര വിവരം കടലിനെക്കുറിച്ച് നമുക്കില്ല എന്നതാണത്. മലയോര കർഷകന്റെ അധ്വാനത്തെക്കുറിച്ച് പറയുന്നവരും കടലിലെ മുക്കുവന്റെ അനുഭവങ്ങളെക്കുറിച്ച് അറിയുന്നില്ല.

കേരളം തന്നെ എടുക്കുക. നമുക്ക് നാല്പതിനായിരം ചതുരശ്ര കിലോമീറ്റർ ഭൂമി ഉണ്ട്. അതിന്റെ നാലിലൊന്നോളം പരിസ്ഥിതിലോലമാണ് എന്ന് നമുക്കറിയാം. എന്നാൽ കേരളത്തിന്റെ അധികാരപരിധിയിൽ പത്തുപതിനയ്യായിരം ച.കി.മീ. കടലുണ്ട്. അവിടെ എവിടെയൊക്കെയാണ് പരിസ്ഥിതി ലോലമായിരിക്കുന്നത് എന്ന് നമുക്ക് അറിവില്ല. സിംഹവാലൻകുരങ്ങ്, വരയാട്, കാട്ടുപോത്ത്, കാട്ടു കന്നുകാലി, കാട്ടുപട്ടി, ഫെറൽ കാറ്റിൽ, ഫെറൽ ഡോഗ് തുടങ്ങി വനപ്രാന്തങ്ങളിലെ നാട്ടിടങ്ങളിൽ നിന്ന് കാട്ടിലകപ്പെട്ട് ക്രമേണ കാട്ടുമൃഗങ്ങളെപോലെ ആകുന്ന ജീവികൾ–എല്ലാം സംബന്ധിച്ച് നമുക്കറിയാം. നമ്മുടെ അധികാരപരിധിയിലെ കടലിൽ എന്തെല്ലാം ഇനം മത്സ്യങ്ങൾ പ്രജനനം നടത്തുന്നു, നമ്മുടെ തീരത്തോടടുത്തുള്ള, തറപ്പാരുകൾ എന്ന് മുക്കുവരും പ്ലാറ്റ്ഫോം റീഫ് എന്ന് സായിപ്പും വിളിക്കുന്ന, പരിസ്ഥിതിലോല പ്രദേശത്ത് എന്തൊക്കെ ജീവജാലങ്ങളാണുള്ളത് എന്നൊന്നും നമുക്കറിവില്ല. നാമൊട്ട് അന്വേഷിക്കാറുമില്ല. നാം ശംഖുമുഖത്ത് പോകുന്നത് അസ്തമയസൂര്യനെ കാണാനും കാറ്റുകൊള്ളാനും മാത്രം ആണ്. ഇരുട്ട് പരക്കുമ്പോൾ നാം സ്ഥലം വിടുന്നു.

ആദ്യം ശംഖുമുഖത്ത് പോയപ്പോൾ എനിക്ക് നാല്–നാലര വയസ്. അമ്മ തിരുവനന്തപുരത്ത് പഠിക്കുന്ന കാലം. കടപ്പുറം കാണാൻ എനിക്ക് ഉത്സാഹമായിരുന്നു. കടപ്പുറം സമം കടയുടെ പുറം സമം ഏതോ പീടികയുടെ മട്ടുപ്പാവ് എന്നായിരുന്നുവത്രെ അവിടെ എത്തുവോളം ഞാൻ ധരിച്ചിരുന്നത്. അത് എന്റെ വിവരക്കേടാണ് എന്നല്ല അമ്മ പറഞ്ഞത്. ബുദ്ധിയുടെ ലക്ഷണം. പെരുമ്പാവൂരിൽ കടൽ ഇല്ല. കട ഉണ്ടുതാനും. പുതിയ അറിവിനെ നേരറിവുമായി ബന്ധിപ്പിച്ചതാണ് അമ്മയുടെ മകൻ എന്നായിരുന്നു അമ്മ വ്യാഖ്യാനിച്ചത്. എല്ലാ അമ്മമാർക്കും മക്കൾ ഐൻസ്റ്റീൻമാർ ആണല്ലോ.

പിന്നെ ആ മണൽപ്പുറത്ത് ഓടിക്കളിച്ചിട്ടുണ്ടാവണം. എന്റച്ഛന്റെ വിരലിൽ തൂങ്ങി കാലിൽ തിരയടിക്കുന്നത് രസിച്ചിട്ടുണ്ടാവണം.

1949ൽ തിരുവിതാംകൂറും കൊച്ചിയും സംയോജിതമായി. ആദ്യം യു.എസ്.ടി.സി., യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് ട്രാവൻകൂർ ആൻഡ് കൊച്ചിൻ. പിന്നെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം. അതോടെ തിരുവാങ്കുളത്തും തൃപ്പൂണിത്തുറയിലും ഉള്ള ബന്ധുവീടുകളിൽ പോകുമ്പോൾ വിധേയമാകേണ്ടിയിരുന്ന കസ്റ്റംസ് പരിശോധന ഒഴിവായിക്കിട്ടി. എറണാകുളം വഴി ഫോർട്ട് കൊച്ചിയിൽ പോയി കടൽ കാണാൻ സൗകര്യവുമായി.

ഫോർട്ട് കൊച്ചിയിലെ കടപ്പുറത്ത് ഒരിക്കൽ മാത്രമേ പോകാൻ സന്ദർഭം ഉണ്ടായുള്ളൂ. അത് സ്കൂളിൽ നിന്ന് കൊണ്ടുപോയതാണ്. അന്ന് കടലിനെക്കാൾ ആകർഷിച്ചത് എറണാകുളത്തെ പുതിയ റോഡാണ്. സെവൻറി ഫീറ്റ് റോഡ്. ഇപ്പോൾ പേര് എം.ജി. റോഡ്. അന്ന് അത് ടാറിട്ടിട്ടില്ല. ''ഓ, ഇവിടെ പന്തുകളിക്കാമല്ലോ'' എന്ന് ഒരു അധ്യാപകൻ പ്രതികരിച്ചത് ഇപ്പോഴും മറന്നിട്ടില്ല.

തിരുവനന്തപുരത്ത് വിദ്യാർഥിയായി എത്തിയതിനുശേഷം ഒരിക്കൽ വെട്ടുകാട് പള്ളിയുടെ പരിസരത്ത് പോയി. അക്കാലത്ത് മാനസികവിഭ്രാന്തി ഉള്ളവർ ശരണവും സൗഖ്യവും തേടുന്ന ഇടം ആയിരുന്നു അത്. കുറുപ്പംപടിയിൽ നിന്ന് കാണാതായ ഒരു യുവാവ് അവിടെയുണ്ട് എന്ന് നാട്ടിൽകേട്ട കിംവദന്തിയുടെ നിജസ്ഥിതി അറിയാൻ ഹെഡ്മാസ്റ്ററുടെ മകനെ ചുമതലപ്പെടുത്താൻ 'ഗ്രാമസഭ' തീരുമാനിച്ചു. പള്ളിപ്പരിസരത്ത് 'അത്ര നോർമലല്ല' എന്ന് പ്രഥമദൃഷ്ട്യാ നിശ്ചയിക്കാവുന്ന എട്ടുപത്തുപേർ ഉണ്ടായിരുന്നു. രാത്രി പടിപ്പുര അടയ്ക്കുംമുമ്പ് 'അത്താഴപ്പഷ്ണിക്കാരുണ്ടോ' എന്ന് വിളിച്ചുകൂവുമ്പോലെ 'ഇവിടെ ഒരു കുറുപ്പംപടിക്കാരനുണ്ടോ' എന്ന് ചോദിക്കാമോ? ഓരോരുത്തരോട് ചോദിക്കാമെന്ന് വച്ചാൽ അല്പം ഭയം. എല്ലാവരും മനോരോഗികളാണോ ദേഹോപദ്രവം ഉണ്ടാകുമോ എന്നൊന്നും അറിഞ്ഞുകൂടാ. ഭാഗ്യവശാൽ കുറുപ്പംപടിക്കാരൻ ചേട്ടൻ എന്നെ തിരിച്ചറിഞ്ഞു. ''ഹെഡ്മാസ്റ്ററച്ചന്റെ മോൻ ബാബുവല്ലേ? നീയെന്താ ഇവിടെ?''

അന്തോണീ നീയും അച്ചനായോ എന്ന മലയാള സാഹിത്യത്തിലെ പ്രശസ്തമായ ചോദ്യംപോലെ തോന്നി. ''നീയും പെട്ടോ ഇക്കൂടെ'' എന്ന മട്ട്. വിവരം തിരക്കി വന്നതാണെന്ന് പറഞ്ഞപ്പോൾ ''വെട്ടുകാട് വിടാൻ മനസ്സില്ല. നീ പോയി പണിനോക്കെടാ ചെർക്കാ'' എന്നായി നാട്ടുകാരൻ. പിന്നെ അവിടെ നിൽക്കുന്നത് പന്തിയല്ല എന്ന് തോന്നി. സൈക്കിൾ പൊക്കി എതിർദിശയിലാക്കി. ഒറ്റ വിടീൽ! ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന്റെ വിമൻസ് ഹോസ്റ്റലിൽ ചെന്നാണ് ഇറങ്ങിയത്.

അവിടെ നാട്ടുകാരിയായ ആസുന്ദരി ഉണ്ടായിരുന്നു. ഞായറാഴ്ചതോറും കാണാൻ പോകും. ഇപ്പോൾ പി.എം.ജി. എന്നറിയപ്പെടുന്ന കവലയ്ക്കടുത്ത് വേണുഗോപാലനിലയം എന്നൊരു കാപ്പിശാപ്പാട് ഉണ്ടായിരുന്നു. അതിന്റെ മുന്നിലുള്ള മുറുക്കാൻകടനടത്തിയിരുന്നയാൾ സൈക്കിൾ വാടകയ്ക്ക് കൊടുത്തുവന്നു. അതിലാണ് യാത്ര. പ്രണയം ഒന്നും ആയിരുന്നില്ല. എങ്കിലും ആ പ്രായത്തിൽ പെൺപിള്ളേരോട് മിണ്ടാൻ ഒരു രസം ഉണ്ടായിരുന്നു. പിൽക്കാലത്ത് സെക്രട്ടേറിയറ്റിലും ''ആളും ഒരു പൊടി പഞ്ചാരയാണ്'' എന്നൊരു സംസാരം ഉണ്ടായിരുന്നു എന്ന് ഞാനറിഞ്ഞത് പെൻഷൻ പറ്റിയിട്ടാണ്. സത്യത്തിൽ ''വ്യസനം ശാസ്ത്രേ ന യുവതി കാമാസ്ത്രേ'' എന്നതാണ് എന്റെ അവസ്ഥ എന്ന് ആരോട് പറയാൻ: പറഞ്ഞാൽ ആര് വിശ്വസിക്കാൻ?

കടലിന്റെ സൗന്ദര്യത്തെക്കാൾ കടലിൽ പോകുന്നവരുടെ ജീവിതം ഞാൻ ശ്രദ്ധിക്കാൻ തുടങ്ങിയത് തീരദേശത്തെ ഭരണാധികാരി ആയപ്പോഴാണ്. കൊല്ലത്തും തിരുവനന്തപുരത്തും സബ്

